ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഗ്രൂപ്പു ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കൃഷിയിനങ്ങളിൽ എത്ര ഏക്കർ സ്ഥലത്തു വീതം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നെൽകൃഷിയിൽ ഗ്രൂപ്പു ഫാമിംഗ് സമ്പ്രദായം വ്യാപകമാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ ഫലമായി നെൽകൃഷിയിൽ എത്രകണ്ട് അഭിവൃദ്ധി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) നെൽകൃഷിയിലാണ് ഗ്രൂപ്പു ഫാമിംഗ് നടപ്പിലാക്കിയിട്ടുള്ളത്. ഈ വർഷം 1.25 ലക്ഷം ഹെക്ടർ സ്ഥലത്താണ് ഈ സമ്പ്രദായം നടപ്പിലാക്കുന്നത്.

(സി) ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലാണ് ഈ സാമ്പത്തിക വർഷം ഗ്രൂപ്പു ഫാമിംഗ് നടപ്പിലാക്കുന്നത്.

(ഡി) നെൽകൃഷിയിടങ്ങൾ കുറയുന്ന പ്രവണത ഒരു പരിധിവരെ തടയാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഉല്പാദനക്ഷമത' 98-99-ൽ 2069 കിലോ അരി ആയി വർധിച്ചിട്ടുണ്ട്.

വനം മേഖല സംരക്ഷിക്കാൻ നിയമനിർമ്മാണം

12 (*372) ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യവ്യക്തികളുടെ കൈവശം ഉള്ളതും പാരിസ്ഥിതിക പ്രാധാന്യം ഉള്ളതുമായ വനഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇതു സംബന്ധിച്ച നിർദ്ദേശത്തിൻമേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ നിർദ്ദേശം സംബന്ധിച്ച തുടർ നടപടികൾക്കെതിരെ പരാതികൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ)-(സി) പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനെപ്പറ്റി ഒരു നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ഡി) പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly